# പാറശ്ശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 8 ലക്കം 3 ജൂൺ – ജൂലൈ 2025



പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും
ഭാരത സ്വാതന്ത്ര്യ ദിനത്തിന്റെയും ആശംസകൾ




ധന്യൻ മാർ ഈവാനിയോസ് അനുസ്മരണ തീർത്ഥാടന പദയാത്ര



സ്നേഹദീപം മൈനർ സെമിനാരിയിലേക്ക് പുതിയ അധ്യായന വർഷത്തിലേയ്ക്ക് പ്രവേശിച്ച
വൈദിക വിദ്യാർത്ഥികൾ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം





റബ്ബോനി 2025 - സൺഡേ സ്കൂൾ അധ്യാപക സംഗമം

# പാഠശാല

ഭദ്രാസന ബുള്ളറ്റിൻ

വാല്യം 8 ജൂൺ – ജൂലൈ 2025 ലക്കം 3

TO BE EVERYTHING TO EVERYONE IN CHRIST

ഉള്ളടക്കം


| | |
|---|---|
| ഇടയശബ്ദം | 2 |
| സർക്കുലർ (വിശ്വാസപരിശീലന ദിനം-2025) | 4 |
| സഭാ വാർത്തകൾ | 9 |
| ഭദ്രാസന വാർത്തകൾ | 12 |
| ഡി.എം. വാർത്തകൾ | 14 |
| വിശ്വാസ പരിശീലന കാര്യാലയം | 16 |
| എം.സി.വൈ.എം. | 20 |
| കെ.സി.എസ്.എൽ. | 25 |
| എം.സി.എ. | 28 |
| സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ | 32 |
| സെമിനാരി വാർത്തകൾ | 35 |
| ക്ഷേമ | 37 |



*Patron*
His Excellency
Thomas Mar Eusebius

*Chief Editor*
Fr. Anit Francis Mullassery

*Managing Editor*
Msgr. Selin Jose
Konathuvila

*Printed & Published By*
Very Rev. Fr. Bijoy
Ooralivila


*(Private Circulation Only)*

# ഇടയശബ്ദം



യേശുവിൽ സ്നേഹമുള്ള സഹോദരി സഹോദരന്മാരെ,

ഓഗസ്റ്റ് മാസം ഭാരതത്തിലെ കത്തോലിക്കാ വിശ്വാസികളായ നമ്മൾ സുപ്രധാനമായ രണ്ട് സംഭവങ്ങൾ അനുസ്മരിക്കുന്ന മാസമാണല്ലോ - പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ദ്ധിയുടെ വാർഷികവും. ഈ രണ്ടു അനുസ്മരണങ്ങളും ഒരേ ദിവസം കൊണ്ടാടപ്പെടുന്നു എന്നതിന് സവിശേഷമായ പ്രസക്തിയുണ്ട്. രണ്ടു സംഭവങ്ങളുടെയും അടിസ്ഥാന പ്രമേയം സ്വാതന്ത്യം തന്നെയാണ്.

ഈ ഓഗസ്റ്റ് 15 ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ദ്ധിയുടെ 78-ാം വാർഷികമാണ്. 1947 ഓഗസ്റ്റ് 15 ന് നാം നേടിയത് വിദേശ ആധിപത്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്. ബാഹ്യമായ പാരതന്ത്ര്യാനുഭവത്തിൽ നിന്നുള്ള വിമോചനമായിരുന്നു അത്. ഒരു രാഷ്ട്രം എന്ന നിലയിൽ ബാഹ്യമായ ഒരു ആധിപത്യത്തിനും നമ്മൾ വിധേയരല്ല എന്ന അവസ്ഥയുടെ സ്ഥിരീകരണമായിരുന്നു ആ സ്വാതന്ത്ര്യലബ്ദ്ധി.

എന്നാൽ മനുഷ്യന്റെ സ്വാതന്ത്ര്യാനുഭവം എന്നത് കുറേക്കൂടെ സങ്കീർണവും സമഗ്രവുമായ ഒരു യാഥാർത്ഥ്യമാണ്. ഭൗതികമായ, ബാഹ്യമായ സ്വാതന്ത്ര്യാനുഭവം യഥാർത്ഥ സ്വാതന്ത്ര്യാനുഭവത്തിന് അത്യാവശ്യമാണെങ്കിലും, അത് അതിന്റെ ആദ്യപടി മാത്രമാണ്. മനുഷ്യൻ യഥാർത്ഥത്തിൽ സ്വതന്ത്രനാകുന്നത് ബാഹ്യമായ അടിമത്വത്തിൽ നിന്ന് വിടുതൽ നേടുമ്പോൾ മാത്രമല്ല. പിന്നെയോ പൂർണ്ണമായ ആന്തരിക സ്വാതന്ത്ര്യം കൂടി അനുഭവിക്കുവാൻ സാധിക്കുമ്പോഴാണ്. ബാഹ്യമായി നമ്മെ സമ്മർദ്ദത്തിലാക്കുന്ന ഘടകങ്ങളുടെ അഭാവത്തിലും, ആന്തരികമായി നമ്മെ വരിഞ്ഞുമുറുക്കുന്ന ധാരാളം യാഥാർത്ഥ്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകാം. ആ അവസ്ഥയിൽ നാം സ്വതന്ത്രരാണ് എന്ന് നമുക്ക് പറയുവാൻ സാധിക്കുകയില്ല. നമ്മുടെ ഉള്ളിൽ നാമനുഭവിക്കുന്ന ആസക്തികൾ, ആർത്തി, വെറുപ്പ്, ഭയം, ആകുലതകൾ, അസൂയ, തഴക്കദോഷങ്ങൾ മുതലായവയൊക്കെ നാം ഉള്ളിൽ അനുഭവിക്കേണ്ട യഥാർത്ഥ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നവയാണ്. പരിശുദ്ധ മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വ്യക്തിക്ക്

മനുഷ്യ സാധ്യമായ പരമമായ സ്വാതന്ത്ര്യാനുഭവത്തെയാണ് സൂചിപ്പിക്കുന്നത്. പരിശുദ്ധ മറിയം പൂർണ്ണമായും സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടു എന്ന് സഭ പഠിപ്പിക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത്, ബാഹ്യമായും ആന്തരികമായും ആ ജീവിതത്തെ അടിമപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യവും അമ്മയുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല എന്നതാണ്. അമ്മ ഈ ലോകത്തിൽ അനുഭവിച്ച - ജീവിതത്തിന്റെ ആരംഭം മുതൽ അന്ത്യം വരെ സമഗ്രമായ സ്വാതന്ത്ര്യാനുഭവത്തിന്റെ പൂർണ്ണതയിലേക്കുള്ള പ്രവേശനമായിരുന്നു അമ്മയുടെ സ്വർഗ്ഗാരോപണം.

മനുഷ്യൻ ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളിലും വിവരസാങ്കേതിക വിദ്യകളിലും ഉയർന്ന ജീവിതസൗകര്യസാധ്യതകളിലും ഒക്കെ വളരെയധികം മുന്നേറിയിട്ടും അവന്റെ ആന്തരിക പാരതന്ത്ര്യാനുഭവം വിസ്ഫോടനാത്മകമാംവിധം സങ്കീർണ്ണമായിരിക്കുന്നു എന്നതാണ് നമ്മുടെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ഒരു വിരോധാഭാസം. ഇതിന്റെ സ്പഷ്ടമായ അടയാളങ്ങൾ നമുക്ക് ചുറ്റും അനുദിനം നാം കണ്ടുമുട്ടുന്നുണ്ടല്ലോ. നമ്മുടെ സമൂഹത്തിൽ വ്യാപകമായ ആത്മഹത്യാ പ്രവണതയും വിഷാദരോഗാവസ്ഥയും ഒക്കെ ഇതിന്റെ ചില ദൃഷ്ടാന്തങ്ങൾ മാത്രം. യഥാർത്ഥ ആന്തരിക സ്വാതന്ത്ര്യാനുഭവത്തിനുള്ള സാധ്യത പരിശുദ്ധ അമ്മയെപോലെ ദൈവോൻമുഖരായി, സ്വർഗ്ഗോൻമുഖരായി ജീവിക്കുക എന്നുള്ളതാണ്. ഭൗതികതയും സുഖലോലുപതയും ബന്ദിയാക്കിയ നമ്മുടെ സംസ്കാരത്തിൽ, സ്വർഗ്ഗത്തിന്റെ ഒരു മാനം ജീവിതത്തിൽ ബോധപൂർവ്വം സൂക്ഷിക്കുന്നവർക്കുള്ളതാണ് ഈ സ്വാതന്ത്ര്യാനുഭവം. പരിശുദ്ധ അമ്മ അനുഭവിച്ച സ്വാതന്ത്ര്യ അനുഭവത്തിലേക്ക് വളരുക എന്നതാണ് ഈ ജന്മത്തിൽ ഏതൊരു വ്യക്തിക്കും ഏറ്റുവാങ്ങാവുന്ന ഏറ്റവും വലിയ ജീവിത നിയോഗം.

+ Eusebius

✠ തോമസ് മാർ യൗസേബിയോസ്

**മലങ്കര സുറിയാനി കത്തോലിക്കാ സഭ**

# വിശ്വാസപരിശീലന ദിനം - 2025

ബഹു. വൈദികരേ, സന്യസ്തരേ, അധ്യാപകരേ, മാതാപിതാക്കളേ, പ്രിയ മക്കളേ,

ഏവർക്കും ത്രിയേക ദൈവനാമത്തിൽ വന്ദനം!

ഈ വർഷത്തെ വിശ്വാസപരിശീലന ദിനം നാം ആഗസ്റ്റ് മാസം 3-ാം തീയതി ആചരിക്കുകയാണല്ലോ. വിശ്വാസപരിശീലനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി ഇളംതലമുറയിൽ വളർന്നു വരുന്ന താൽപര്യക്കുറവാണ്. ഇത് സങ്കീർണ്ണമായ സാഹചര്യങ്ങളിൽ രൂപപ്പെട്ട ഒരു പ്രതിഭാസമാണെങ്കിലും ഇക്കാര്യം ഇത്രത്തോളം ഗൗരവത്തിലെത്തിച്ച ഒരു ഘടകം ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യകളിൽ ഇളംതലമുറ കാണിക്കുന്ന അമിതമായ താൽപര്യമാണെന്ന് വ്യക്തമാണ്.

അവനവന്റെ ഭവനത്തിൽ അസംതൃപ്തി അനുഭവിക്കുന്ന ഒരു ഇളം തലമുറക്കാരനെക്കുറിച്ചാണ് ധൂർത്തപുത്രന്റെ ഉപമ (ലൂക്കാ 15:11-32) നമ്മോട് സംസാരിക്കുന്നത്. അപ്പന്റെ പക്കൽനിന്ന് തന്റെ ഓഹരി ചോദിച്ചുവാങ്ങി അവൻ വീടുവിട്ട് പോകുന്നു. അവനിഷ്ടമുള്ള കാര്യങ്ങളിൽ പണം ചെലവാക്കി ദരിദ്രനായിത്തീരുന്നു. നിസ്സഹായനായി, ഭക്ഷണംകഴിക്കാൻപോലും നിവൃത്തിയില്ലാത്തവനായി, ഭവനത്തിലേക്ക് മടങ്ങിവരുന്ന മകനെ അപ്പൻ സ്നേഹപൂർവ്വം വീണ്ടും സ്വീകരിക്കുന്നതാണ് ഉപമയുടെ അവസാനം നാം കാണുന്നത്.

നമ്മുടെ ഇളംതലമുറയെ സംബന്ധിച്ച് ഈ ഉപമ വളരെയധികം പ്രസക്തമാകുന്ന ഒരു കാലമാണിത്. ഉപമയിലെ ഇളയവനെപ്പോലെ വീടുവിട്ടുപോകുന്ന മക്കൾ നമ്മുടെയിടയിൽ അധികമില്ല. പക്ഷെ മനസ്സുകൊണ്ട് കുടുംബവുമായുള്ള ബന്ധങ്ങളിൽ നിന്ന് അകന്ന്, ഓൺലൈൻ സൗഹൃദങ്ങളും ഓൺലൈൻ ആനന്ദങ്ങളും ഓൺലൈൻ മാർക്കറ്റ് ഇടങ്ങളിൽനിന്ന് എളുപ്പത്തിൽ അവനവന് തെരഞ്ഞെടുക്കാ

വുന്ന സുഖസൗകര്യങ്ങളുമായി ഒരുപാട് ചെറുപ്പക്കാർ മാതാപിതാക്കളുടെ സ്നേഹത്തിൽ നിന്നും വിട്ടുപോകുന്നുണ്ട്.

ഇന്റർനെറ്റിൽ നിന്നുകിട്ടുന്ന സൗഹൃദങ്ങൾക്ക് ചില സൗകര്യങ്ങളുണ്ട്. എപ്പോഴും അവ നമുക്ക് ആവശ്യമുള്ളതുപോലെ പ്രതികരിക്കും. ഒന്നിനും തിരുത്തലുണ്ടാവില്ല. നമ്മുടെ താൽപര്യങ്ങളോട് എതിർപ്പുണ്ടാവില്ല. എതിർപ്പോ തിരുത്തലോ കടന്നുവരുന്ന ആദ്യനിമിഷത്തിൽ തന്നെ നമുക്ക് ആ സൗഹൃദത്തിന്റെ വാതിലടയ്ക്കാൻ എളുപ്പമുണ്ട്. അവനവന്റെ താൽപര്യങ്ങൾക്ക് ഇണങ്ങുന്ന മറുവാക്കുകൾ മാത്രം കേട്ട്, അവനവനു സന്തോഷം തരുന്ന വർത്തമാനങ്ങൾ മാത്രം പങ്കുവച്ച് മുന്നോട്ട് പോകാനുള്ള അവസരമുണ്ടവിടെ. ഉപദേശിച്ചും തിരുത്തിയും അപകടങ്ങളിൽ നിന്ന് തടഞ്ഞും ഒപ്പം നടക്കുന്ന യഥാർത്ഥ ബന്ധങ്ങൾ കുടുംബ ബന്ധങ്ങളും നേരിട്ടുള്ള സൗഹൃദങ്ങളും പുതിയതലമുറയ്ക്ക് ഭാരമുള്ളതായി മാറും. ഏത് അപകടത്തിലേക്ക് പോയാലും പ്രോത്സാഹിപ്പിക്കാനും താൽക്കാലിക ലക്ഷ്യങ്ങൾ നേടാൻ മാർഗം ഉപദേശിക്കാനും ആളുകൾ ധാരാളമുള്ള ഓൺലൈൻ ഇടങ്ങൾ അവർക്ക് എളുപ്പമുള്ള മേച്ചിൽപുറങ്ങളാണ്.

നിയന്ത്രണങ്ങൾ ഇല്ലാതാകുന്നതിന്റെ ആകർഷണം ഏറ്റവും അപകടകരമായ ഭാവങ്ങൾ കൈവരിക്കുന്നത് ഓൺലൈൻ വിനോദോപാധികളുടെ കാര്യത്തിലാണ്. അവനവന് ഇഷ്ടം തോന്നുന്ന എന്തും എളുപ്പത്തിൽ കണ്ടെത്താവുന്ന തരത്തിലേക്ക് ഇന്ന് സാങ്കേതികത വളർന്നിട്ടുണ്ട്. ചെറുപ്പത്തിൽ സ്വാഭാവികമായി തോന്നുന്ന നന്മയില്ലാത്ത കൗതുകങ്ങളെ വഴിതെറ്റിച്ച് തെറ്റുകളിൽ നിന്ന് കൂടുതൽ ഗൗരവമായ തെറ്റുകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്ന ഇടങ്ങളായി ഓൺലൈൻ വിനോദ മേഖലകൾ മാറിയിട്ടുണ്ട്. ഓൺലൈൻ ഗെയിമുകൾ അക്രമത്തിന്റെയും താൻപോരിമയുടെയും പാഠങ്ങളിൽ നമ്മുടെ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നു. ദൃശ്യങ്ങളായും ശബ്ദങ്ങളായും അവരെ സന്തോഷിപ്പിക്കുന്ന മീഡിയ പലപ്പോഴും ലൈംഗികതയുടെ തിന്മകരമായ ആവിഷ്കാരങ്ങൾ പ്രോൽസാഹിപ്പിക്കുന്നു. പ്രകൃതിവിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായ ലൈംഗിക രീതികൾ, വൈകൃതങ്ങൾ, പ്രോത്സാഹിപ്പിക്കുന്നതിന് ആസൂത്രിതമായി ശ്രമിക്കുന്ന സംഘങ്ങൾ പോലുമുണ്ട്. സ്വാഭാവിക ലൈംഗികത പോലും പ്രദർശന വസ്തു ആകുമ്പോൾ പാപകരമായ അധഃപതനം ഉണ്ടാവുന്നുണ്ട് എന്ന് നമുക്കറിയാം. ചെറുപ്പത്തിലേ ഇത്തരം കെണികളിൽ ചെന്നു വീഴുന്ന ഇളംതലമുറ തെറ്റായ ബോധ്യങ്ങളിൽ വളരുന്നതിനും സ്വഭാവവൈകല്യ

ങ്ങളിൽ വീഴുന്നതിനും ഇടയാകുന്നു. കഠിനമായ ആസക്തികളിലും കുറ്റബോധത്തിലും ഒക്കെ അകപ്പെട്ട് പഠനവും ബന്ധങ്ങളുമെല്ലാം തകരാറിലാകുന്ന കുട്ടികളുടെ എണ്ണം ഇന്ന് അപകടകരമാംവിധം കൂടിവരുന്നുണ്ട്.

പണം കൈവശമുണ്ടെങ്കിൽ ആഗ്രഹമുള്ളതെന്തും സ്വന്തമാക്കാനുള്ള സാധ്യതകൾ ഓൺലൈൻ മാർക്കറ്റിംഗ് തുറന്നിട്ടുകഴിഞ്ഞു. പരസ്യത്തിന്റെയും ആദായവിൽപനയുടെയും പിൻബലത്തോടെ ആഗ്രഹമുള്ളതും ആവശ്യമുള്ളതും തമ്മിൽ തിരിച്ചറിയാനുള്ള വിവേകത്തെ അത് മറികടന്നിട്ടുണ്ട്. ചെറുപ്പത്തിൽ തന്നെ ഈ മായാലോകത്തിലേക്ക് വഴിതുറന്നുകിട്ടുന്ന നമ്മുടെ കുട്ടികൾ കമ്പോളസംസ്കാരത്തിന്റെ എല്ലാ തിന്മകളും സ്വാംശീകരിച്ചാണ് വളർന്നുവരുന്നത്.

ആരാധനയിലും വേദപാഠത്തിലും കുട്ടികൾക്ക് താൽപര്യം കുറയുന്നു എന്ന് നാം പരാതിപ്പെടുന്നു. കുടുംബത്തിലും ശരിയായ മനുഷ്യബന്ധങ്ങളിലും പലപ്പോഴും ഈ കുട്ടികൾ താൽപര്യം കാണിക്കുന്നില്ല എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. അവർക്കിഷ്ടമുള്ള വിനിമയങ്ങളും, അവർക്കിഷ്ടമുള്ള വിനോദങ്ങളും അവർക്ക് താൽപര്യമുള്ള വിപണനങ്ങളുമായി പലപ്പോഴും നമ്മുടെ കൂരകൾക്ക് താഴെ അവർ ഒറ്റയ്ക്കാവുകയാണ്.

തനിക്കാവശ്യമുള്ളത് അപ്പന്റെ വീട്ടിൽ സുഭിക്ഷമായി ഉണ്ടായിരുന്നു എന്ന തിരിച്ചറിവാണ് ഉപമയിലെ ധൂർത്തപുത്രനെ ഭവനത്തിലേക്ക് തിരികെ വരുത്തുന്നത്. ആഗ്രഹമുള്ളതെല്ലാമല്ല, ആവശ്യമുള്ളത് അവിടെ ധാരാളമുണ്ടായിരുന്നു. മാത്രമല്ല, തിരികെ വന്നാൽ തന്റെ ഭവനത്തിൽ താൻ സ്വീകാര്യനാകും എന്ന ബോധ്യവും അവനുണ്ടായിരുന്നു. ഇളംതലമുറയെ വിശ്വാസ ജീവിതത്തിലേക്കും കുടുംബബന്ധങ്ങളിലേക്കും തിരികെ വരുത്തുന്നതിനും ആവശ്യമായവ ഇക്കാര്യങ്ങൾ തന്നെയാണ്. നൈമിഷികമായ സുഖങ്ങൾക്കും ആസക്തികൾക്കും അപ്പുറം ജീവിതത്തിനുറപ്പുനൽകുന്ന സ്നേഹം നമ്മുടെ കൂട്ടായ്മകളിലും കുടുംബങ്ങളിലും അനുഭവിക്കാൻ കുട്ടികൾക്ക് സാധിക്കണം.

കുടുംബ ബന്ധങ്ങളുടെ ഊഷ്മളത വീണ്ടെടുക്കുന്നതിന് മാതാപിതാക്കൾ കുട്ടികളോടൊപ്പം കൂടുതൽ സമയം ചെലവഴിക്കാൻ ശ്രദ്ധിക്കണം. പഠനം വിനോദം മുതലായ കാര്യങ്ങളിൽ കുട്ടികൾ അത്യാവശ്യത്തിനു മാത്രമേ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുള്ളൂ എന്ന്

ഉറപ്പുവരുത്തണം. ബന്ധുജനങ്ങളെ സന്ദർശിക്കുന്നതിനും മറ്റുള്ളവർക്ക് നന്മ ചെയ്യുന്നതിലും അവരെ ഒപ്പം കൂട്ടണം. ജീവിതത്തിന്റെ സ്വാഭാവികമായ ക്ലേശങ്ങളും ദുരിതങ്ങളും നേരിട്ടറിയുന്നതിനും പ്രതിസന്ധികളിൽ പതറാതെ ജീവിക്കുന്നതിനും അവരെ പരിശീലിപ്പിക്കണം. ഏത് സ്നേഹം പിരിഞ്ഞുപോയാലും മാറാത്ത സ്നേഹമായി നിൽക്കുന്ന ദൈവത്തെ മാതാപിതാക്കളാണ് കുട്ടികൾക്ക് കാട്ടിക്കൊടുക്കേണ്ടത്. അനുദിനപ്രാർത്ഥനകളിലും ദേവാലയത്തിലെ പങ്കാളിത്തത്തിലും ശൈശവം മുതൽ പ്രോത്സാഹിപ്പിക്കുന്നതിൽ മാത്രമല്ല, ആരാധനാകർമ്മങ്ങളുടെയും പ്രാർത്ഥനകളുടെയും അർത്ഥം കുഞ്ഞുങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കണം. ആരാധാകർമ്മങ്ങൾക്ക് ശേഷം ഇടവകയിലെ സമപ്രായക്കാരോടൊപ്പം സമയം ചെലവിടുന്നതിനു കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കണം. അവരുടെ പ്രായത്തിനു യോജിച്ച പൊതുപ്രവർത്തനങ്ങൾക്കും പൊതു ഇടങ്ങളിലുള്ള ഉല്ലാസത്തിനും കുട്ടികൾക്ക് സൗകര്യങ്ങളൊരുക്കിക്കൊടുക്കണം. യഥാർത്ഥ മനുഷ്യബന്ധങ്ങളുടെ സുരക്ഷിതത്വവും സന്തോഷവും മനസ്സിലാകുന്ന കുട്ടികൾ ഉപകരണങ്ങളുടെ അടിമകളായി ജീവിക്കുകയില്ല.

ഇടവകയിലെ വിശ്വാസപരിശീലന വേദികളും ഈ സവിശേഷ വെല്ലുവിളി പരിഗണിച്ച് പുതിയ വഴികളിലേക്ക് തിരിയേണ്ടതുണ്ടെന്ന് സ്നേഹപൂർവം എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. ആരാധനയിലും സണ്ടേസ്കൂൾ ക്ലാസ്സിലും പങ്കെടുത്തുപിരിയാനുള്ള സ്ഥലങ്ങളായി ഇടവകകൾ ചുരുങ്ങരുത്. നല്ല സൗഹൃദങ്ങൾ കണ്ടെത്തുന്നതിനും വ്യക്തിത്വ വളർച്ച നൽകുന്ന ഉല്ലാസങ്ങളിൽ കൂടുതൽ സമയം ചെലവഴിക്കുന്നതിനും പഠനം, കരിയർ മുതലായ കാര്യങ്ങളോട് കുട്ടികളെ ശരിയായ രീതിയിൽ ചേർത്തുനിർത്തുന്നതിനുമെല്ലാം ഇടവകകൾ ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ ദേവാലയത്തിലും പരിസരത്തിലും അവരുടെ ആത്മീയവും മാനുഷികവുമായ വളർച്ചക്ക് ഉതകുന്ന രീതിയിൽ സമയം ചെലവഴിക്കുന്നത് കഴിയുന്നത്ര പ്രോത്സാഹിപ്പിക്കണം.

സാമൂഹ്യമാധ്യമങ്ങൾ ഇന്ന് തിന്മ നിറഞ്ഞ സ്വാധീനമാകുന്നത് ആ മാധ്യമങ്ങളുടെ പ്രശ്നം കൊണ്ടല്ല. അവയെ ഉപയോഗിക്കുന്ന രീതികൾ വികലമാകുന്നതുകൊണ്ടാണ്. ഇക്കാര്യം നമ്മെ ഓർമ്മിപ്പിക്കുന്ന വ്യക്തിത്വമാണ് ഏകദേശം ഒരു മാസം കഴിയുമ്പോൾ, ഈ സെപ്തംബർ ഏഴിന് വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടുന്ന കാർലോ അക്യൂട്ടിസ്. ഇന്റർനെറ്റ് യുഗത്തിൽ ജനിച്ചുവളർന്ന്, ഇന്റർ

നെറ്റിന്റെ നന്മകൾ സഹോദരങ്ങളുടെ നന്മയ്ക്കും, സുവിശേഷ പ്രചാരണത്തിനും, സ്വന്തം ആത്മീയ വളർച്ചയ്ക്കുമായി ഉപയോഗിച്ച്, അതുവഴി വിശുദ്ധ പദവിയിലേക്കെത്തിയ ഈ വിശുദ്ധന്റെ മാതൃകയും മാധ്യസ്ഥവും നമ്മുടെ കുട്ടികൾക്ക് പ്രചോദനമാകട്ടെ. നാമകരണത്തോടനുബന്ധിച്ച്, വിശുദ്ധന്റെ ജീവിതവും പ്രവർത്തനങ്ങളും നമ്മുടെ കുട്ടികൾക്ക് വിശദീകരിച്ചു കൊടുക്കാൻ ഇടവകതലത്തിൽ ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു.

വിശ്വാപരിശീലന ദിനാചരണം അനുഗ്രഹപ്രദമായിരിക്കട്ടെ എന്ന് ആശംസിക്കുന്നു. സഭയിലെ ഏറ്റവും അടിസ്ഥാനപരമായ ഈ ശുശ്രൂഷയിൽ സഹകരിക്കുന്ന എല്ലാവർക്കും എല്ലാവിധമായ ദൈവാനുഗ്രഹവും ആശംസിക്കുന്നു.

+ Eusebius

**✠ തോമസ് മാർ യൗസേബിയോസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
വിശ്വാസ പരിശീലന സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
പാറശ്ശാല ഭദ്രാസനാദ്ധ്യക്ഷൻ.

20.07.2025
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

# മലങ്കര സുറിയാനി കത്തോലിക്കാ സഭ

## ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 72–ാം ഓർമ്മപ്പെരുന്നാളും മെത്രാഭിഷേക ശതാബ്ദിയും

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുണ്യപിതാവായ ധന്യൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ 72–ാം ഓർമ്മപ്പെരുന്നാളും, മെത്രാഭിഷേക ശതാബ്ദിയും 2025 ജൂൺ 15 –ാം തീയതി ആഘോഷിക്കുന്നു. ഓർമ്മപെരുന്നാളിന് ഒരുക്കമായി ജൂലൈ 1 മുതൽ 14 വരെയുള്ള ദിവസങ്ങളിൽ തിരുവനന്തപുരം പട്ടം സെന്റ് മേരീസ് മേജർ ആർക്കി എപ്പാർക്കിയാൽ കത്തീഡ്രലിൽ സ്ഥിതി ചെയ്യുന്ന കബർ ചാപ്പലിൽ രാവിലെ 9 മുതൽ വൈകിട്ട് 5 വരെ വിവിധ പ്രാർഥന കൂട്ടായ്മകളുടെ നേതൃത്വത്തിൽ പ്രർത്ഥന ശുശ്രൂഷകളും തുടർന്ന് സന്ധ്യാനമസ്കാരവും വിശുദ്ധ കുർബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തപ്പെടുന്നു.

ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് ജൂൺ 10–ന് റാന്നി പെരുന്നാടിൽ നിന്ന് ആരംഭിക്കുന്ന പദയാത്ര ജൂലൈ 14–ന് വൈകിട്ട് 5:15 –ഓടുകൂടി കബർ ചാപ്പലിൽ എത്തിച്ചേരുകയും പദയാത്രികർക്ക് സ്വീകരണം നൽകുകയും ചെയ്യും. തുടർന്ന് മെഴുകുതിരി പ്രദക്ഷിണവും, ശ്ലൈഹീക ആശീർവാദവും ഉണ്ടായിരിക്കുന്നതാണ്. ജൂലൈ 15 –ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവ വിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിക്കും. ഈ വർഷത്തെ ഓർമ്മപെരുന്നാളിൽ തിരുസിംഹാസനത്തിന്റെ അന്തർദേശിയ കാര്യാലയത്തിന്റെ മുഖ്യകാര്യദർശി ആർച്ച്ബിഷപ്പ് പോൾ ഗല്ലഗർ തിരുമേനി മുഖ്യാഥിതിയായിരിക്കും.

## കെ.സി.ബി.സി. സമ്മേളനം

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം 2025 ജൂൺ 3 മുതൽ 5 വരെ കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പി.ഓ.സി.-യിൽ വച്ച് നടത്തപ്പെട്ടു. കെ.സി.ബി.സി. പ്രസിഡന്റ് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ അധ്യക്ഷത വഹിച്ച യോഗത്തിൽ, കേരളത്തിലെ 32 രൂപതകളിൽനിന്നുള്ള മെത്രാന്മാർ പങ്കെടുത്തു. കാലംചെയ്ത പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പായ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ചും പുതിയതായി ചുമതലയേറ്റ പരിശുദ്ധ ലിയോ പതിനാലാമൻ മാർപാപ്പായോട് വിധേയത്വം പ്രഖ്യാപിച്ചും കൊണ്ട് സമ്മേളനത്തിന് തുടക്കം കുറിച്ചു. 4, 5 തീയതികളിൽ സഭാ നവീകരണത്തെക്കുറിച്ചും, ജൂബിലി വർഷം 2025 ആഘോഷത്തെക്കുറിച്ചും സഭയും സമൂഹവുമായി ബന്ധപ്പെട്ട ആനുകാലിക വിഷയങ്ങളിൽ സ്വീകരിക്കേണ്ട നിലപാടുകളെയും നടപടികളെയും സംബന്ധിച്ചും കേരള കത്തോലിക്കാ മെത്രാൻ സമിതി ചർച്ച ചെയ്തു.

## പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ പ്രകാശനം




കേരളം കത്തോലിക്കാ മെത്രാൻ സമിതിയുടെ ഔദ്യോഗിക ബൈബിൾ പരിഭാഷയായ പി.ഓ.സി. ബൈബിൾ പരിഭാഷയുടെ പ്രകാശനകർമ്മം കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ പ്രശസ്ത സാഹിത്യകാരൻ പ്രൊഫ. എം. കെ. സാനു മാഷിനു നൽകികൊണ്ട് നിർവഹിച്ചു. 2008-ൽ ആരംഭിച്ച ബൈബിൾ പരിഷ്കരണം 2022-ൽ പൂർത്തിയായെങ്കിലും ഔദ്യോഗികമായ പ്രകാശനകർമം 2025

ജൂൺ 3-ന് കെ.സി.ബി.സി-യുടെ വർഷകാല സമ്മേളനത്തോടനുബന്ധിച്ചാണ് നടത്തിയത്.

## മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് പുതിയ മിഷൻ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പുതിയ മിഷനായി, ലീഡ്സിന്റെ ഔദ്യോഗികമായ ഉദ്ഘാടനം മാർച്ച് 30-ന് ലീഡ്സിലെ ക്രോസ് ഗേറ്റ്സിലിരിക്കുന്ന സെന്റ് തെരേസാ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. യു.കെയിലെ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക കോർഡിനേറ്ററായ ഫാ. ഡോ. കുര്യാക്കോസ് തടത്തിലിന്റെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന്, ലീഡ്സ് അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർകസ് സ്റ്റോക്സ്സിന്റെ അധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ ഫാ. ഡോ. കുര്യാക്കോസ് തടത്തിൽ മിഷൻ രൂപീകരണത്തിന്റെ ഔദ്യോഗിക ഉത്തരവ് പ്രഖ്യാപിക്കുകയും ചെയ്തു. പുതുതായി രൂപീകരിച്ച ഈ സഭാസമൂഹം 'സെന്റ് ബർണബാസ് മലങ്കര മിഷൻ' എന്ന് അറിയപ്പെടും.

## മദർ മേരി കല്ലറയ്ക്കലിന്റെ റൂബി ജൂബിലി സമാപനം



മേരി മക്കൾ സന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപക ബഹുമാനപ്പെട്ട മദർ മേരി കല്ലറയ്ക്കലിന്റെ റൂബി ജൂബിലി സമാപനം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ അത്യഭിവന്ദ്യ കാതോലിക്കാ ബാവാ തിരുമേനിയുടെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാനയോടെ പോങ്ങുംമൂട് പ്രൊവിൻഷ്യൽ ഭവനത്തിൽ വച്ച് നടത്തപ്പെട്ടു.

## Malankara Catholic Church – Diocese of Parassala
## Pastoral Council 2025

### Elected Members

1. Sudhaharsanan Mulloor
2. Nobert J C Venniyoor
3. Mini J Poozzhikkunnu
4. Akhil Lal Kalluvattamkuzhy
5. Shaji S Malayil
6. Praveen Ettukutty
7. Dolly Pampukala
8. Sneha Vandannoor
9. Sobhana Kumari Kanakkuzhy
10. Sajin Poovachal
11. Anitha Rani Kattakkada
12. Thankaraj Ponnedutthakuzhy
13. Jayan Manchamcode
14. Sumanalal Chemboor
15. Bindhu J Kadampra
16. Shibin Manchamcode
17. Shine Kumar Kudayal
18. Saji Vanyacode
19. Anoop Nalloorvattom
20. Soumya Ambilikonam

**Department Representatives**

21. Sunday School - Vincent P
22. MCYM - Sarath Lal
23. MCA - Sabeesh Peter
24. DCMS - Vijayan Aluvila
25. MCMF - Pravitha Cheruvarakkonam
26. Vincent De Paul - Velappan I
27. Paulose Bar Eetho Kashiro

**Ex Officio**

28. Fr. Selin Jose Konathuvila
29. Fr. Bijoy Ooralivila
30. Fr. Bernard Valiyavila
31. Fr. Aloysius Thunduthattu
32. Fr. Prabheesh Mekkarikathu
33. Fr. Eettikalayil Thomas
34. Fr. Geevarghese OIC
35. Fr. Samuel Puthenpurayil
36. Fr. Pottapurayidam Thomas
37. Fr. Ennavila Santhosh

**Religious Representatives**

38. Mother Francita DM
39. Sr. Mary Dominic D M
40. Sr. Noble D M
41. Sr. Candida SIC
42. Sr. Tancy S H
43. Sr. Little Jyothi
44. Sr. Dency S MS
45. Sr. Tessita

**Nominated Members**

46. Fr. Thomas Padippurackal Capuchin
47. Baby Aluvila
48. Cherupushpam

## ദൈവാലയ കൂദാശ



പുതിയതായി പണികഴിപ്പിച്ച അരുവാംകോട്, സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശകർമ്മം, പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബി യോസ് മെത്രാപ്പോലീത്താ, 2025 ജൂലൈ 5-ാം തീയതി വൈകുന്നേരം

4 മണിക്ക് നിർവഹിച്ചു. മാർത്താണ്ഡം, പാറശ്ശാല എന്നീ ഭദ്രാസനങ്ങളിലെ വികാരി ജനറാൾമാർ, വൈദികർ, ഇടവകയിലെ മുൻ വികാരിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഇടവകയിലെ മുൻ വികാരിമാരായ ഫാ. ഗോഡ്ജോയ്, ഫാ. വർഗീസ് ചാമക്കാലയിൽ എന്നിവർ പങ്കെടുത്തു. 6 മണിക്ക് സ്നേഹാഭോജനത്തോടെ കൂദാശ സമാപിച്ചു. ക്രമീകരനങ്ങൾക്ക് ഇടവക വികാരി ഫാ. വർഗ്ഗീസ് കൊടിത്തറ നേതൃത്വം നൽകി.

## മിഷൻ വാർത്തകൾ

### ബാഷ്പാഞ്ജലികൾ



പാറശ്ശാല ഭദ്രാസനത്തിലെ വൈദികനും എം.സി.വൈ.എം. സഭാതല ഡയറക്ടറുമായ റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് മേക്കരികത്തിന്റെ വത്സല മാതാവ്, ശ്രീമതി സരസ്വതി ജോർജ്ജ്, 2025 ജൂൺ 4-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പാറശ്ശാല ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ!!

## ഡി.എം. വാർത്തകൾ

### മദർ മേരി കല്ലറയ്ക്കലിന്റെ റൂബി ജൂബിലി സമാപനം



മേരി മക്കൾ സന്യാസിനീസമൂഹത്തിന്റെ സഹസ്ഥാപക ബഹുമാനപ്പെട്ട മദർ മേരി കല്ലറയ്ക്കലിന്റെ റൂബി ജൂബിലി സമാപനം മാർത്താണ്ഡം പ്രൊവിൻഷ്യൽ ഭവനത്തിൽ വച്ച് ആഘോഷിച്ചു. പാറശ്ശാല

ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് വിശുദ്ധ വിശുദ്ധ കുർബാനയർപ്പിച്ചു ധൂപപ്രാർത്ഥന നടത്തി.

## ദൈവശാസ്ത്ര ബാച്ച് ഉദ്ഘാടനം



മേരിമക്കൾ സന്യാസിനി സമൂഹത്തിലെ നിർമ്മല പ്രൊവിൻസിന്റെ Evangelization Centre ആയ, ചായ്ക്കോട്ടുകോണം നിർമലാരാം spirituality കേന്ദ്രത്തിലെ 2 വർഷത്തെ തിയോളജി ബാച്ച്കാരുടെ convocation നും പുതിയ ബാച്ചിന്റെ ഉദ്ഘാടനവും പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് നിർവ്വഹിച്ചു.

# വിശ്വാസ പരിശീലന കാര്യാലയം



## പ്രവേശനോത്സവം



പാറശ്ശാല ഭദ്രാസനത്തിലെ 2025–2026 അധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനോത്സവം, 2025 ജൂൺ മാസം മൂന്നാം തീയതി കാട്ടാക്കട വൈദിക ജില്ലയിലെ പുത്തൻകാവ്‌വിള ദേവാലയത്തിൽ വച്ച് നടത്തി. ഭദ്രാസന സൺഡേ സ്കൂൾ ഡയറക്ടർ, ഫാ. വർഗീസ് നടുതല അധ്യക്ഷനായിരുന്നു. പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ്. റവ. മോൺ. സെലിൻ ജോസ് കോണത്തുവിള പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. ഈ സമ്മേളനത്തിന് കാട്ടാക്കട വൈദിക ജില്ലാ വികാരി വെരി. റവ. തോമസ് പൊറ്റപ്പുരയിടം സ്വാഗതം അർപ്പിച്ചു. സമ്മേളനത്തിന് ആശംസകൾ നേർന്നുകൊണ്ട് കാട്ടാക്കട വൈദിക ജില്ലാ സൺഡേ സ്കൂൾ ഡയറക്ടർ ഫാ. ജോൺ പോൾ, രൂപത ആനിമേറ്റർ സിസ്റ്റർ ശാലോം മരിയ തുടങ്ങിയവർ സംസാരിച്ചു.

പുത്തൻകാവുവിള ദേവാലയത്തിലെ 7 കൊച്ചു കൂട്ടുകാർ വിശ്വാസ പരിശീലനത്തിലേക്ക് പുതുതായി പ്രവേശിച്ചു. സൺഡേ സ്കൂൾ കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഭദ്രാസന സെക്രട്ടറി വിൻസെന്റ് പി യുടെ നന്ദി പ്രകാശനത്തോടുകൂടി സമ്മേളനം സമാപിച്ചു.

## റബ്ബോനി 2025




മലങ്കര കത്തോലിക്കാ സഭയിലെ പാറശ്ശാല ഭദ്രാസന സൺഡേ സ്കൂൾ അധ്യാപകർക്കായി ക്രമീകരിച്ച, അധ്യാപക സംഗമം, 2025 ജൂൺ 14, ശനിയാഴ്ച രാവിലെ 9 മണിക്ക് വെങ്ങാനൂർ വി.പി.എസ്. മലങ്കര ഹയർ സെക്കൻഡറി സ്കൂളിൽ വച്ച്  രജിസ്ട്രേഷനോടുകൂടെ ആരംഭിച്ചു. രൂപതയിലെ 5 വൈദിക ജില്ലകൾക്കും പ്രത്യേകമായി 5 രജിസ്ട്രേഷൻ കൗണ്ടറുകൾ ക്രമീകരിച്ചിരുന്നു. 9.30 ന് ബാലരാമപുരം വൈദിക ജില്ലയുടെ നേതൃത്വത്തിൽ ക്രമീകരിച്ച പ്രാർത്ഥനാ ഗാനവും തുടർന്ന് കാഞ്ഞിരംകുളം ഇടവകയിലെ ആനി അഗസ്റ്റിൻ ബൈബിൾ വായനയും സൺഡേ സ്കൂൾ എക്സിക്യൂട്ടീവ് അംഗം മണിവർണ്ണന്റെ സ്വയം പ്രേരിത പ്രാർത്ഥനയോടുകൂടെ ആദ്യത്തെ സെഷൻ ആരംഭിച്ചു സൺഡേസ്കൂൾ ഡയറക്ടർ ഫാ. വർഗീസ് നടുതല ജനറൽ അസംബ്ലിക്ക് നേതൃത്വം നൽകി.

രാവിലെ 10 മണി മുതൽ  സൺഡേ സ്കൂൾ അധ്യാപകർക്കുള്ള ക്ലാസ് തിരിച്ചുള്ള ട്രെയിനിങ്ങ് നടന്നു. ഓരോ ക്ലാസിലെയും ക്ലാസുകൾ

കൈകാര്യം ചെയ്തത് രൂപതയിലെ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴസും അധ്യാപകരും ആയിരുന്നു.

ഉച്ചയ്ക്കുശേഷം 2.30 ന് സമാപന സമ്മേളനം നടന്നു പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്തു. വിശ്വാസം അടുത്ത തലമുറയ്ക്ക് പകർന്നു നൽകുന്നവരാണ് അധ്യാപകരാണെന്നും വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു. ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ ഫാ. വർഗീസ് നടുതല അധ്യക്ഷനായ യോഗത്തിന് സൺഡേ സ്കൂൾ ഭദ്രാസന സെക്രട്ടറി വിൻസെന്റ് പി സ്വാഗതം ആശംസിച്ചു.

ഈ സമ്മേളനത്തിന് ആശംസകൾ അർപ്പിച്ചുകൊണ്ട് ബാലരാമപുരം വൈദിക ജില്ല ഡയറക്ടർ, ഫാ. സാമുവൽ പുത്തൻപുരയ്ക്കൽ രൂപത ആനിമേറ്റർ സിസ്റ്റർ ശാലോം മറിയ തുടങ്ങിയവർ സംസാരിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നായി ആയിരത്തിലധികം അധ്യാപകർ പങ്കെടുത്ത സമ്മേളനത്തിൽ ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും സന്നിഹിതരായിരുന്നു. തുടർന്ന് എക്സിക്യൂട്ടീവ് അംഗം ഷാജി മലയിൽ നന്ദി പ്രകാശിപ്പിച്ചതോടെ യോഗം അവസാനിച്ചു.



## പരീക്ഷാ ഫലം പ്രഖ്യാപിച്ചു

ഭദ്രാസനത്തിൽ 2024-25 അധ്യയന വർഷത്തിൽ നടത്തപ്പെട്ട സൺഡേ സ്കൂളിന്റെ 10,12,ഡിഗ്രി മൂന്നാം വർഷ ക്ലാസുകളിലെ പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ഈ ക്ലാസുകളിൽ ഭദ്രാസനതലത്തിൽ ഒന്നും രണ്ടും മൂന്നും റാങ്ക് കരസ്ഥമാക്കിയ വിവിധ ദേവാലയങ്ങളിലെ വിദ്യാർത്ഥികളെ അനുമോദിച്ചു.

റാങ്ക് കരസ്ഥമാക്കിയ കുട്ടികളുടെ ലിസ്റ്റ് ചുവടെ നൽകുന്നു.

**STD : X**

FIRST RANK



**LIBINA L P**
Thiruvallam
Balaramapuram Dist.

SECOND RANK



**ASHLIN F M**
Ambilikonam
Parassala Dist.

THIRD RANK



**ANGELIN JAFERINA**
Ambilikonam
Parassala Dist.

**STD : XII**

FIRST RANK



**ANEETTA S B**
Ambilikonam
Parassala Dist.

SECOND RANK



**BINCY P J**
Kanjiramkulam
Neyyattinkara Dist.

THIRD RANK



**ANASWARA A J**
Parassala
Parassala Dist.

THIRD RANK



**NIDHIYA S L**
Thozhukkalkonam
Kattakkada Dist.

**DEGREE III YEAR**

FIRST RANK



**ABHINA A S**
Thiruvallam
Balaramapuram Dist.

SECOND RANK



**ABHAYA BINU**
Kudappanamoodu
Chemboor Dist.

THIRD RANK



**REMYA M P**
Kuzhinjanvila
Parassala Dist.

സൺഡേ സ്കൂൾ തലത്തിൽ മൂന്നാം ക്ലാസ് മുതൽ ഒമ്പതാം ക്ലാസ് വരെയും പതിനൊന്നു ഡിഗ്രി ഒന്ന്,രണ്ടു വർഷ ക്ലാസുകളിലെയും ഭദ്രാസന വിജയികളെ പ്രഖ്യാപിച്ചു.

അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡയറിക്കുള്ള സമ്മാനത്തിന് അർഹരായവരുടെ ലിസ്റ്റും പബ്ലിഷ് ചെയ്തു.

## ഡിപ്ലോമ പരീക്ഷ

ഭദ്രാസനത്തിലെ സൺഡേസ്കൂൾ അധ്യാപകർക്കായി ക്രമീകരിച്ച ഡിപ്ലോമ പരീക്ഷയുടെ റിസൾട്ട് പബ്ലിഷ് ചെയ്തു.

## പ്രഥമാധ്യാപക-സെക്രട്ടറി സംഗമം

കാട്ടാക്കട വൈദിക ജില്ലയിൽ ഇന്ന് നടന്ന പ്രമോധ്യാപക-സെക്രട്ടറി സംഗമം. ജില്ലാ സെക്രട്ടറി ശ്രീമതി ഷീജ ടീച്ചർ അദ്ധ്യക്ഷത വഹിച്ച യോഗം കാട്ടാക്കട വൈദീക ജില്ലാ വികാരി ബഹുമാനപ്പെട്ട റവ ഫാ. തോമസ് പൊറ്റ പുരയിടം ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ശ്രീ വിൻസെന്റ് സാർ മുഖ്യാഥിതി ആയിരുന്നു. ജില്ലാ ഡയറക്ടർ റവ. ഫാ. ജോസ് പാറയിൽക്കട, ആനിമേറ്റർ സിസ്റ്റർ ടോംസി മരിയ ഉ.ങ എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു.



# എം.സി.വൈ.എം.

## അസ്സീസിയൻസ്@താബോർ–നെയ്യാറ്റിൻകര വൈദിക ജില്ല

എം.സി.വൈ.എം. പാറശ്ശാല ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി നടക്കുന്ന നേതൃത്വ പരിശീലന ക്യാമ്പ് അസ്സീസിയൻസ് @ താബോർ നെയ്യാറ്റിൻകര വൈദിക ജില്ലയിലെ യുവജനങ്ങൾക്കായി കൊടങ്ങാവിള സെന്റ് ജോർജ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് മെയ് 25 ഞായറാഴ്ച നടന്നു. ഭദ്രാസന ആനിമേറ്റർ സിസ്റ്റർ മെർലിൻ മരിയ ഡി.എം. ലെക്സിയോ ഡിവിനയ്ക്ക് നേതൃത്വം നൽകി. പ്രസ്തുത പരിപാടിയിൽ ബഹു. ജെറോം കുന്നിൻപുറത്ത് അച്ചൻ 2025 വർഷത്തെ എം.സി.വൈ.എം. തീം യുവജനങ്ങളുമായി പങ്കുവെച്ചു. ഭദ്രാസന ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവൽ യുവജനങ്ങളിൽ നേതൃത്വ ഗുണം എങ്ങനെ വളർത്തിയെടുക്കാം എന്നു സംസാരിച്ചു. ഭദ്രാസന പ്രസിഡന്റ് ശരത് ലാൽ യുവജനങ്ങളെ രണ്ടു ഗ്രുപ്പുകളായി തിരിച്ചു സംവാദം നടത്തി. നേതൃത്വ പരിശീലന ക്യാമ്പിന്റെ ക്രമീകരണങ്ങൾക്ക് ഭദ്രാസന സമിതി നേതൃത്വം നൽകി.

## പദയാത്ര ആലോചന മീറ്റിംഗ്



ധന്യൻ ആർച്ച് ബിഷപ്പ് ഗീവർഗീസ് മാർ ഈവാനിയോസ്

പിതാവിന്റെ 72–ാം ഓർമ്മ തിരുനാളിനോനുബന്ധിച്ച് നടത്തപ്പെടുന്ന തീർത്ഥാടന പദയാത്രയുടെ ക്രമീകരണങ്ങൾ ചർച്ച ചെയ്യാനായി പാറശ്ശാല ഭദ്രാസന വികാരി ജനറൽ മോൺ. സെലിൻ ജോസ് കോണത്തുവിള അച്ചൻ ആലോചനായോഗം വിളിച്ചുകൂട്ടി. ചായ്ക്കോട്ടുകോണം ദൈവാലയത്തിൽ വച്ച്, 2025 ജൂൺ 4 ബുധനാഴ്ച നടന്ന മീറ്റിംഗിൽ ഭദ്രാസന – വൈദികജില്ല ഭാരവാഹികൾ പങ്കെടുത്തു. 2025 വർഷത്തെ തീർത്ഥാടന പദയാത്രയുടെ പ്രാഥമിക ക്രമീകരണങ്ങൾ പ്രസ്തുത മീറ്റിംഗിൽ ചർച്ച ചെയ്തു.

## അസ്സീസിയൻ സാഹിത്യോത്സവം 2025



പാറശ്ശാല ഭദ്രാസനത്തിലെ യുവജനങ്ങളുടെ സാഹിത്യഭിരുചി പ്രോത്സാഹിപ്പിക്കാനായി സംഘടിപ്പിക്കുന്ന സാഹിത്യ രചന മത്സരങ്ങൾ ജൂൺ 7 ശനിയാഴ്ച ജില്ലാ കേന്ദ്രങ്ങളിൽ വച്ച് രാവിലെ 9 മണി മുതൽ നടത്തപെട്ടു. ഭദ്രാസന ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ട രചനമത്സരത്തിൽ ഭദ്രാസനത്തിൽ നിന്നും 250 ലധികം യുവജനങ്ങൾ പങ്കെടുത്തു.

## വള്ളികുരിശ് ആശിർവാദം

ഭാഗ്യസ്മരണാർഹനും ധന്യനുമായ ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേയ്ക്കുള്ള തീർത്ഥാടന പദയാത്രയുടെ ഭാഗമായി വള്ളികുരിശ് ആശിർവാദം പാറശ്ശാല ഭദ്രാസന അരമനയിൽ വച്ച് ജൂലൈ 05, ശനിയാഴ്ച ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത നിർവഹിച്ചു.







പ്രസ്തുത ശുശ്രൂഷയിൽ അഭിവന്ദ്യ പിതാവ് മുഖ്യസന്ദേശം നൽകുകയും തീർത്ഥാടന പദയാത്രയ്ക്കുള്ള വള്ളികുരിശ് ആശീർവദിച്ചു വൈദിക ജില്ലാ പ്രസിഡന്റുമാർക്കു നൽകുകയും ചെയ്തു. തുടർന്ന് ഭദ്രാസന ഡയറക്ടർ ഫാ. ജെറോം കുന്നിൻപുറത്ത് ഏവർക്കും നന്ദി അറിയിച്ചു സംസാരിച്ചു. പ്രസ്തുത ശുശ്രൂഷയിൽ പങ്കുചേർന്ന വൈദിക ജില്ല ഡയറക്ടർ അച്ചന്മാർക്കും വൈദികജില്ല പ്രസിഡന്റുമാർക്കും വൈദിക ജില്ലാ ഭാരവാഹികൾക്കും ഭദ്രാസന സമിതിയുടെ സ്നേഹം നിറഞ്ഞ നന്ദി.

## പാറശ്ശാലയിൽ നിന്നും പട്ടം കബറിങ്കലേക്ക് തീർത്ഥാടന പദയാത്ര

ഭാഗ്യസ്മരണാർഹനും ധന്യനുമായ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മയാചരണത്തിന്റെ ഭാഗമായി പാറശ്ശാല ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ തീർത്ഥാടന പദയാത്ര 2025 ജൂലൈ 13, 14 തീയതികളിലായി നടത്തപ്പെട്ടു. ചാരോട്ടുകോണം തീർത്ഥാടന ദൈവാലയത്തിൽ നിന്നും പനച്ചമൂട് ദൈവാലയത്തിൽ നിന്നും ആരംഭിച്ച പദയാത്രകൾ തിരുവനന്തപുരത്ത് എത്തി ഒന്നിച്ചാണ് 14-ാം തീയതി വൈകിട്ട് പട്ടം കബറിങ്കലേയ്ക്ക് പ്രവേശിച്ചത്. പദയാത്ര ആശീർവദിച്ചു അനുഗ്രഹിച്ചു കൂടെയായിരുന്ന അഭിവന്ദ്യ






തോമസ് മാർ യൗസേബിയോസ് പിതാവിനും ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും പദയാത്രയെ സ്വീകരിച്ച ഇടവക കൂട്ടായ്മയ്കൾക്കും സന്യാസ ഭവനങ്ങൾക്കും ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകിയ എം.സി.വൈ.എം. ഭദ്രാസന, വൈദികജില്ല ഭാരവാഹികൾക്കും ഭദ്രാസന യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## അർദ്ധവാർഷിക സെനറ്റ് സമ്മേളനം



എം.സി.വൈ.എം. പാറശ്ശാല ഭദ്രാസനത്തിന്റെ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 2025 ജൂലൈ 27, ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നെയ്യാറ്റിൻകര വൈദിക ജില്ലയുടെ ആതിഥേയത്വത്തിൽ ചായ്ക്കോട്ടുകോണം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടന്നു. ഭദ്രാസന പ്രസിഡന്റ് ശ്രീ. ശരത്ലാലിന്റെ അധ്യക്ഷതയിൽ കൂടിയ സെനറ്റ് സമ്മേളനം പാറശ്ശാല ഭദ്രാസന ഫിനാൻസ് ഓഫീസർ ബെർണാഡ് വലിയവിള അച്ചൻ ഉദ്ഘാടനം ചെയ്യുകയും ഭദ്രാസന ഡയറക്ടർ ഫാ. ജെറോം കുന്നിൻപുറത്ത് ആമുഖ സന്ദേശം നൽകുകയും ചെയ്തു. നെയ്യാറ്റിൻകര വൈദികജില്ല






ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ തിനവിള അച്ചനും വൈദികജില്ല പ്രസിഡന്റ് ശ്രീ. അജു സാം എന്നിവർ പ്രസ്തുത സമ്മേളനത്തിന് ആശംസകൾ അറിയിച്ചു.

വൈദിക ജില്ലകൾ കഴിഞ്ഞ ആറു മാസക്കാലത്തെ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. അതെ തുടർന്ന് ഭദ്രാസന സമിതിയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി ജിജോ ഇമ്മാനുവേലും വരവ് ചെലവ് കണക്ക് ട്രഷറർ അപർണ ജി. വിൽസണും അവതരിപ്പിച്ചു. സംഘടനാ ചർച്ചയോടെ സെനറ്റ് സമ്മേളനം അവസാനിച്ചു. ആതിഥേയത്വം വഹിച്ച നെയ്യാറ്റിൻകര വൈദിക ജില്ലക്കും സെനറ്റിനു വേദിയായ ചായ്ക്കോട്ടുകോണം യൂണിറ്റിനും ഭദ്രാസന സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി.

# കെ.സി.എസ്.എൽ.

## വിശുദ്ധ അൽഫോൻസാമ്മയുടെ ഓർമ്മദിനം



വിശുദ്ധ അൽഫോൻസാമ്മയുടെ ഓർമ്മദിനം, രൂപതയിലെ വിവിധ യൂണിറ്റുകളിൽ സമുചിതമായി ആചരിച്ചു.

## ധന്യൻ മാർ ഈവാനിയോസ് ഓർമ്മദിനം




2025 ജൂലൈ 15-ാം തീയതി ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മദിനം, നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഗേൾസ് ഹൈസ്കൂളിൽ സമുചിതമായി ആചരിച്ചു.

## കെ.സി.എസ്.എൽ. പാറശ്ശാല രൂപതയ്ക്ക് പുതിയ ഭരണസമിതി

അടുത്ത മൂന്നു വർഷത്തേക്കുള്ള കെ.സി.എസ്.എൽ. പാറശ്ശാല രൂപതാതല ഭരണസമിതി അംഗങ്ങളെ 2025 ജൂൺ മാസം 21-ാം തീയതി, ഡയറക്ടർ ആന്റോ വടക്കേതിൽ അച്ചന്റെ നേതൃത്വത്തിൽ, തിരഞ്ഞെടുത്തു. തിരഞ്ഞെടുക്കപ്പെട്ടവർ: ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി (പ്രസിഡന്റ്) സിസ്റ്റർ ടെസ്സിൻ SH (ജനറൽ ഓർഗനൈസർ) ശ്രീ. സോജു ദാസ് നെല്ലിക്കാട് (വൈസ് പ്രസിഡന്റ്) ശ്രീമതി കവിതാ ചന്ദ്രൻ (വൈസ് പ്രസിഡന്റ്) ശ്രീമതി സീന പാപ്പനംകോട് (സെക്രട്ടറി) സിസ്റ്റർ സുകൃത DM, സിസ്റ്റർ വിനീതാ പോൾ DM, ശ്രീമതി ഗിരിജ, ശ്രീമതി നീതു (എക്സി ക്യൂട്ടീവ് മെമ്പേഴ്സ്).

വിദ്യാർത്ഥി പ്രതിനിധികളായി കുമാരി എഡ്നാ റോസ് (ചെയർപേഴ്സൺ), മാസ്റ്റർ അഷസ് എസ് സുഭാഷ് ( ജനറൽ സെക്രട്ടറി), അമസ്യ എസ് ഷിബു (HSS), അന്ന പി ഗിരീഷ് (HS), ഷാരോൺ എസ്. എസ്. (UP) (സെക്രട്ടറിമാർ), ഐശ്വര്യ എ ആർ (HSS), എയ്ഞ്ചൽ എൽജിൻ (HS), ആൽബിൻ എ എസ് (UP) (എക്സിക്യൂട്ടീവ് മെമ്പേഴ്സ്) എന്നിവരെ തിരഞ്ഞെടുത്തു.

## കെ.സി.എസ്.എൽ. സംസ്ഥാനതല പ്രവർത്തന വർഷ ഉദ്ഘാടനം



കെ.സി.എസ്.എൽ. സംസ്ഥാനതല പ്രവർത്തന വർഷ ഉദ്ഘാടനം 2025 ജൂൺ 27-ാം തീയതി നെയ്യാറ്റിൻകര രൂപതയിലെ ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തി. നെയ്യാറ്റിൻകര രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ സെൽവരാജൻ

ദാസൻ പിതാവ് ഉദ്ഘാടകനായ യോഗത്തിൽ, കെ. സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് അധ്യ ക്ഷനായി. സംസ്ഥാന ഡയറക്ടർ ഫാദർ ലിജോ ഓടത്തക്കൽ, ജനറൽ ഓർഗനൈസർ ശ്രീ. ജോസ് അനൂപ്, ട്രഷറർ ശ്രീ. സോയ് കളമ്പാട്ട്, എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീ. ബോബി ജോൺ, ശ്രീമതി ആലീസ് ഫെർണാണ്ടസ്, നെയ്യാറ്റിൻകര രൂപതാ പ്രസിഡന്റ് ശ്രീ. എസ്. ബിജു, സംസ്ഥാന ചെയർപേഴ്സൺ കുമാരി നേഹ മരിയ ജോസഫ്, ജനറൽ സെക്രട്ടറി മാസ്റ്റർ ആൽജിൻ എമ്മാനുവേൽ, നെയ്യാറ്റിൻകര രൂപത യുടെ ഡയറക്ടർ & മാനേജർ, ബോർഡ് ഫോർ സ്കൂൾ മാനേജ്മെന്റ് ബഹു. ജോസഫ് അനിൽ അച്ചൻ, അസിസ്റ്റന്റ് ഡയറക്ടർ ബഹു. രാജേഷ് കുറിച്ചിയിൽ അച്ചൻ, കെ.സി.എസ്.എൽ. നെയ്യാറ്റിൻകര രൂപത ഡയറക്ടർ ബഹുമാനപ്പെട്ട അനുജോ ജോർജ് അച്ചൻ എന്നിവർ സംസാരിച്ചു. കെ.സി.എസ്.എൽ. പാറശ്ശാല രൂപത ഡയറക്ടർ ബഹുമാനപ്പെട്ട ആന്റോ വടക്കേതിൽ അച്ചന്റെ അനുഗ്രഹീത സാന്നിധ്യം ഉണ്ടായിരുന്നു.

## കർമ്മപദ്ധതി ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും



കെ.സി.എസ്.എൽ. പാറശ്ശാല രൂപതാതല സമിതിയുടെ കർമ്മ പദ്ധതി പ്രകാശനവും ആനിമേറ്റേഴ്സ് മീറ്റും പാറശ്ശാല ഭദ്രാസനാധ്യ ക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ്, 2025 ജൂൺ 21-ാം തീയതി, പ്രാവച്ചമ്പലം മാർ ഗ്രിഗോറിയോസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോയ് ഫ്രാൻസിസ് മുല്ലശ്ശേരി അധ്യക്ഷത വഹിച്ച യോഗ ത്തിൽ, രൂപതാ ഡയറക്ടർ ബഹു. ആന്റോ വടക്കേതിൽ അച്ചൻ, ജനറൽ ഓർഗനൈസർ ബഹു. സിസ്റ്റർ ടെസ്സിൻ SH, ചെയർപേഴ്സൺ റിയാ ജോർജ്, കെ.സി.എസ്.എൽ. സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ. ബിജു കീഴാറൂർ, ശ്രീമതി സീന വി.എസ്. എന്നിവർ സംസാരിച്ചു. തുടർന്ന് പുതിയ വർഷത്തേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളെ തിരഞ്ഞെടുത്തു.

## എം.സി.എ.



# ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണം



എം.സി.എ. പാറശ്ശാല ഭദ്രാസന സമിതിയുടെ ആഭിമുഖ്യത്തിൽ ധന്യൻ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് അനുസ്മരണ പ്രഭാഷണം, ബാലരാമപുരം വൈദിക ജില്ലയിലെ പൊറ്റയിൽ ഹോളി ക്രോസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് നടത്തി. തിരുവനന്തപുരം നവജീവൻ വൈസ് പ്രൊവൻഷ്യൽ വെരി. റവ. ഡോ. ജോൺ ക്രിസ്റ്റഫർ ഒ.ഐ.സി. അനുസ്മരണ പ്രഭാഷണം നടത്തി. ഭദ്രാസന സ്പിരിചൽ ഡയറക്ടർ ഫാ. തോമസ് പോറ്റപുരയിടം, യൂണിറ്റ് സ്പിരിചൽ ഡയറക്ടർ ഫാ. അബിൻ മുല്ലയ്ക്കൽ, ഭദ്രാസന പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം, ജനറൽ സെക്രട്ടറി അനീഷ് വടകര, ഭദ്രാസന ഭാരവാഹികൾ, കാട്ടാക്കട, ബാലരാമപുരം, പാറശ്ശാല, നെയ്യാറ്റിൻകര, ചെമ്പൂര് ജില്ലകളിൽ നിന്നായി ഇരുന്നൂറോളം പേരും പങ്കെടുത്തു.

## എ പ്ലസ് ലഭിച്ച കുട്ടികൾക്ക് ആദരവും പഠനോപകരണ വിതരണവും



മലങ്കര കാത്തലിക് അസോസിയേഷൻ പാറശ്ശാല രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ പഠനോപകരണ വിതരണവും എ പ്ലസ് ലഭിച്ച എസ്.എസ്.എൽ.സി., പ്ലസ് ടു പാസായ കുട്ടികൾക്ക് അനുമോദനവും നടത്തി. ബാലരാമപുരം നസ്രത്ത് ഹോം സ്കൂളിൽ വച്ച് നടത്തിയ പ്രസ്തുത സമ്മേളനത്തിന് ബാലരാമപുരം വൈദിക ജില്ലാ സമിതി ആതിഥേയത്വം വഹിച്ചു. പാറശ്ശാല രൂപത മലങ്കര കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് സബീഷ് പീറ്റർ തിരുവല്ലം അധ്യക്ഷത വഹിച്ച യോഗം, ബാലാവകാശ കമ്മീഷൻ അംഗം ഡോ. വിൽസൺ ഉദ്ഘാടനം ചെയ്യുകയും ഗവ. അണ്ടർ സെക്രട്ടറി ശ്രീ. പ്രശാന്ത്, പഠനോപകരണ വിതരണവും ആദരിക്കലും നടത്തുകയും ചെയ്തു. ആമുഖപ്രഭാഷണം ഫാ. തോമസ് പൊറ്റപ്പുരയിടവും മുഖ്യസന്ദേശം പാറശ്ശാല രൂപതാ ചാൻസിലർ ഫാ. ബിജോയ് ഊരാളിവിളയും നൽകി. തുടർന്ന് സി. വിനീത പോൾ ഡി.എം., ശ്രീ. ധർമ്മരാജ് പിൻകുളം, ശ്രീ. ജോൺ ഷൈജു, തുടങ്ങിയവർ ആശംസാപ്രസംഗങ്ങൾ നടത്തി.

## അർദ്ധവാർഷിക അസംബ്ലി

എം.സി.എ. പാറശ്ശാല രൂപതാ സമിതിയുടെ അർദ്ധവാർഷിക അസംബ്ലി 2025 ജൂലൈ 6 ഞായറാഴ്ച, 4 മണി മുതൽ വൈകുന്നേരം അഞ്ചര മണിവരെ നടത്തി. അസംബ്ലിയിൽ ബാലരാമപുരം, ചെമ്പൂര്, കാട്ടാക്കട, നെയ്യാറ്റിൻകര,പാറശ്ശാല എന്നീ വൈദിക ജില്ലകളിൽ നിന്നും 50 പ്രതിനിധികൾ പങ്കെടുത്തു. വൈദിക ജില്ലാ റിപ്പോർട്ടുകൾ, കണക്ക് അവതരണം, രൂപത റിപ്പോർട്ട്, കണക്ക് അവതരണം എന്നിവ



നടത്തി. രൂപതാ പ്രസിഡന്റ് സബീഷ് പീറ്റർ, വൈസ് പ്രസിഡന്റുമാരായ ജോൺ ഷൈജു, ജയന്തി, ജന. സെക്രട്ടറി അനീഷ്, ജോയിന്റ് സെക്രട്ടറി ബെൻസി, രൂപത സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി

## എം.സി.എ. ഗ്ലോബൽ അസംബ്ലി സമാപിച്ചു




എം.സി.എ. ഗ്ലോബൽ അസംബ്ലി ജൂലൈ 15, 16 തീയതികളിൽ വിഴിഞ്ഞം സ്പാർക്ക് പാസ്റ്ററൽ സെന്ററിൽ നടന്നു. പതിനഞ്ചാം തീയതി നടന്ന ഗ്ലോബൽ അസംബ്ലി ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് ഉത്ഘാടനം ചെയ്തു. എം.സി.എ. ഗ്ലോബൽ സഭാതല പ്രസിഡന്റ് ഡോ. ബൈജു S R അധ്യക്ഷത വഹിച്ചു. ശ്രീ. രാജേന്ദ്ര ബാബു മാർത്താണ്ഡം,അഡ്വ. എൽദോ പുകുനേൽ മുവാറ്റുപുഴ, ഫാ. മാത്യൂസ് കുഴിവിള, ഫാ. തോമസ് പൊറ്റപ്പുരയിടം, ശ്രീ. ധർമരാജ് പിൻകുളം, ശ്രീ. റെജിമോൻ വർഗീസ് തിരുവനന്തപുരം, ശ്രീ. സബീഷ് പീറ്റർ പാറശ്ശാല, ശ്രീമതി ബെറ്റ്സി വർഗീസ് തുടങ്ങിയവർ സംസരിച്ചു.







തുടർന്ന് ഭരണഘടന അമ്മെൻഡ്മെന്റ് ചർച്ച നടന്നു. ബത്തേരി, ഡൽഹി, മാവേലിക്കര, മൂവാറ്റുപുഴ, മാർത്താണ്ഡം, പാറശ്ശാല, പുത്തൂർ, പൂനാ, തിരുവനന്തപുരം, തിരുവല്ല, പത്തനംതിട്ട തുടങ്ങിയ രുപതകളിൽ നിന്നും 160 പ്രതിനിധികൾ പങ്കെടുത്തു.

പതിനാറാം തീയതി രൂപത ഭാരവഹികൾ റിപ്പോർട്ട്, കണക്ക് അവതരിപ്പിച്ചു. തുടർന്ന് സഭാതല റിപ്പോർട്ട്, കണക്ക് അവതരിപ്പിച്ചു. പാറശ്ശാല രൂപത സമിതി സഭാതല സമിതിയോട് ചേർന്ന് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## കൗൺസിൽ മീറ്റിംഗ്

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ 2025-26 വർഷത്തെ ആദ്യ കൗൺസിൽ മീറ്റിംഗ്, 2025 ജൂൺ 21-ാം തീയതി ശനിയാഴ്ച ബാലരാമപുരം സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് കൂടി. റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു പാസ്സാക്കുകയും കോൺഫറൻസ്, ഏര്യാ കൗൺസിൽ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിനായി CC പ്രസിഡന്റിന്റെ നേതൃത്വത്തിൽ പാറശ്ശാല സെൻട്രൽ കൗൺസിലിലെ 9 ഏര്യാ കൗൺസിലുകളിലെയും AC കൗൺസിൽ മീറ്റിംഗുകൾ സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തു.

## പ്രോജക്ട്

നെതർലാന്റിൽ നിന്നും ഒൻപതും ഇംഗ്ലണ്ടിൽ നിന്നും ഒരു പ്രോജക്ടും ലഭിച്ചു. ഈ പ്രോജക്ടുകൾ എത്രയും വേഗം ഉദ്ഘാടനം നടത്തുന്നതിനായി ബന്ധപ്പെട്ട AC പ്രസിഡന്റുമാരെ ചുമതലപ്പെടുത്തി.

## ധ്യാനം

പാറശ്ശാല സെൻട്രൽ കൗൺസിലിലെയും ഏര്യാ കൗൺസിലിലെയും ഭാരവാഹികൾക്കുമായി ഒരു ധ്യാനം 2025 ഒക്ടോബർ 11-ാം തീയതി ശനിയാഴ്ച, ധനുവച്ചപുരം സെന്റ് ജോർജ് ദൈവാലത്തിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.

## വനിതാ കമ്മിറ്റി

പാറശ്ശാല സെൻട്രൽ കൗൺസിലിലെ വനിതകൾക്കായി ഒരു സെമിനാർ നടത്താൻ തീരുമാനിച്ചു.

## പാറശ്ശാല സെൻട്രൽ കൗൺസിൽ വാർഷികം

പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ വാർഷികം ആഗസ്റ്റ് മാസം നടത്താൻ തീരുമാനിച്ചു.

## ആനുവൽ ജനറൽ ബോഡി മീറ്റിംഗ് (AGM)

സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ പാറശ്ശാല സെൻട്രൽ കൗൺസിലിന്റെ അഞ്ചാം വാർഷിക സമ്മേളനം, 2025 ആഗസ്റ്റ് 9-ാം തീയതി ശനിയാഴ്ച, വിഴിഞ്ഞം, കല്ലുവെട്ടാംകുഴി SPARC പാസ്റ്ററൽ സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ചു. പ്രസ്തുത സമ്മേളനം പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. വികാരി ജനറാൾ റൈറ്റ് റവ. മോൺ. ജോസ് കോണത്തുവിള മുഖ്യപ്രഭാഷണവും റവ. ഫാ. അനൂപ് അഗസ്റ്റിൻ OFM വിൻസെൻഷ്യൻ പ്രവർത്തനങ്ങളെക്കുറിച്ച് സെമിനാറും നടത്തുന്നു.

## കെ.ആർ.സി.സി. യുവജന സെമിനാർ




കേരള റീജിയണൽ കോർഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നടന്ന യുവജന സെമിനാറിൽ പാറശ്ശാല ഇഇ യിൽ നിന്നും 5 അംഗങ്ങൾ പങ്കെടുത്തു.

## കുളത്തൂർ AC വാർഷിക സമ്മേളനം

കുളത്തൂർ AC വാർഷിക സമ്മേളനം 2025 ജൂലൈ 27, ഞായർ ഉച്ചയ്ക്ക് 2 മണിക്ക് കുഴിഞ്ഞാൻവിള സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. സമ്മേളനം പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ്. റവ. മോൺ. സെലിൻ ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ, റവ. ഫാ. ഡോ. പ്രഭീഷ് ജോർജ്ജ് അനുഗ്രഹ പ്രഭാഷണവും നടത്തി. CC പ്രസിഡന്റ് ബ്രദർ ഐ. വേലപ്പൻ മുഖ്യസന്ദേശം നൽകുകയും ഡോ. F. വിൽസൻ (സംസ്ഥാന ബാലാവകാശ കമ്മിഷൻ അംഗം) ബ്രദർ. ജോൺ കെ, ബ്രദർ ആന്റണി തുടങ്ങിയവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. ഓസാനം ഫെസ്റ്റ് വിജയികൾക്കുള്ള സമ്മാനവും നൽകുകയുണ്ടായി.



# സെമിനാരി വാർത്തകൾ

## സ്നേഹദീപം മൈനർ സെമിനാരി പുതിയ അധ്യായന വർഷത്തിലേക്ക്

പാറശ്ശാല രൂപതയുടെ സ്നേഹദീപം മൈനർ സെമിനാരിയിലേക്ക് പുതിയ അധ്യായന വർഷത്തിൽ 10 പുതിയ വൈദിക വിദ്യാർത്ഥികൾ കൂടെ കടന്നുവന്നു. 2025 ജൂലൈ മാസം അഞ്ചാം തീയതി വൈകിട്ട് നാലുമണിക്ക് അവരെ സെമിനാരിയിലേക്ക് ബഹുമാനപ്പെട്ട റെക്ടർ ഫാ. അലോഷ്യസ് തുണ്ടത്തട്ട് പ്രാർത്ഥനയോടെ സ്വീകരിച്ചു. വൈദിക വിദ്യാർത്ഥികളുടെ മാതാപിതാക്കളും അവരുടെ ഇടവക വികാരി അച്ചന്മാരും ധന്യമായ ഈ മുഹൂർത്തത്തിന് പ്രാർത്ഥനകളോടെ കൂട്ടുചേർന്നു. പുതുതായി ദൈവവിളി സ്വീകരിച്ച് സെമിനാരിയിലേക്ക് കടന്നു വന്നവർ ഇവരാണ്.

ബ്ര. അലൻ S. M, അലൻ ഭവൻ

ബ്ര. റോഹൻ R, മേലെ കല്ലുവിള

ബ്ര. വിനീഷ് V, മാവുവിള വീട്

ബ്ര. റോയ് ജോൺ, കീഴെ നന്ദിക്കുളം (മുല്ലൂർ )

ബ്ര. ഇതിഹാസ, പെരുംതോട്ടത്തിൽ വീട് വാഴിച്ചൽ

ബ്ര. വിശ്വാസ്, A. V സദനം കടമൻകുന്ന്

ബ്ര. അഖിൽ, വെറ്റുവിള

ബ്ര. അരവിന്ദ്, കരുമരം

ബ്ര. ആഷിൻ രാജ് ഭവൻ, വഴുട്ടുകോണം

ബ്ര. അലക്സ്, സജി നിവാസ്

## സിൽവർ ജൂബിലി ആഘോഷം: 25 വർഷങ്ങളുടെ ദൈവ പരിപാലനയുടെ നിറവിൽ റവ. ഫാ. റോബർട്ട് എണ്ണവിള.

പാറശ്ശാല രൂപതയിലെ വൈദികൻ ഫാ. റോബർട്ട് എണ്ണവിള, പൗരോഹിത്യ അഭിഷേകത്തിന്റെ 25–ാം വാർഷികം, സ്നേഹദീപം മൈനർ സെമിനാരിയിൽ സന്തോഷപൂർവ്വം 2025 ജൂൺ 6–ന് ആഘോഷിച്ചു.

പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് പിതാവ് പരിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഫാ. റോബർട്ടിന്റെ സഹോദരൻ ഫാ. സന്തോഷ് എണ്ണവിള സഹകാർമ്മികനായിരുന്നു.

സിൽവർ ജൂബിലി ദിനാഘോഷത്തിന്റെ മേൽനോട്ടം വഹിച്ചതു മൈനർ സെമിനാരി റെക്ടർ റവ. ഫാ. അലോഷ്യസ് തുണ്ട്തട്ടും പ്രൊക്യൂറേറ്റർ റവ. ഫാ. അനിറ്റ് ഫ്രാൻസിസ് മുല്ലശ്ശേരിയും ആയിരുന്നു.

ആഘോഷത്തിന് ഫാ. റോബർട്ടിന്റെ പിതാവും, കുടുംബാംഗങ്ങളും, അടുത്ത സുഹൃത്തുക്കളും സന്നിഹിതരായിരുന്നു. പരിശുദ്ധ കുർബാനയ്ക്ക് ശേഷം, ഫാ. റോബർട്ടിനെ ആദരിക്കുന്നതിനായി ലളിതമായ ഒരുക്കിയ കൂടി വരവിൽ അഭിവന്ദ്യ പിതാവും ബഹുമാനപ്പെട്ട അച്ചനും സംസാരിച്ചു. തുടർന്ന് സ്നേഹ ഭോജനത്തോട് കൂടെ കൂടി വരവ് അവസാനിച്ചു.



# Kshema Integrated Development Society (KIDS)

## നേതൃസംഗമം




ക്ഷേമയുടെ  നേതാക്കന്മാരുടെ നേതൃത്വപാടവം വളർത്തുന്നതിനായും ഓഡിറ്റിങ്ങിന്റെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിനുമായി നടത്തിയ നേതൃസംഗമം ഫാ. ഹോർമീസ് പുത്തൻവീട്ടിൽ, 2025 ജൂലൈ 19 ന് ഉദ്ഘാടനം ചെയ്തു. ഈ യോഗത്തിൽ ഫാ. ജോൺ പുന്നാര ആമുഖപ്രഭാഷണം നടത്തുകയും ശ്രീ. ജോയ് ഫ്രാൻസിസ്, ശ്രീമതി പ്രവിത ബെൻസിഗർ, ശ്രീ. സജോ ജോയ്, ശ്രീ. സനൽകുമാർ അഡ്വ. ബിനു, ശ്രീമതി സാലി, ശ്രീമതി സാബിത എന്നിവർ സംസാരിച്ചു

## സജീവം സൺഡേ ദിനാചരണം

സജീവം സൺഡേ ദിനാചരണം 2025 ജൂൺ 29 ന് കൊടങ്ങാവിള സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് സംഘ




ടിപ്പിച്ചു. ഫാ. ജോൺ പുന്നാര ഉദ്ഘാടനം ചെയ്ത യോഗത്തിൽ, എക്സൈസ് ഉദ്യോഗസ്ഥൻ ശ്രീ. നിഖിൽ ലഹരിക്കെതിരെ ബോധവൽക്കരണം നടത്തി. ഫാ. സെബാസ്റ്റ്യൻ, ശ്രീ. ജോയ് ഫ്രാൻസിസ് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിക്കുകയും ലഹരിക്കെതിരെയുള്ള പ്രതിജ്ഞ ചൊല്ലികൊടുക്കുകയും ചെയ്തു. തുടർന്ന് ലഹരിക്കെതിരെ ഒരു റാലിയും മനുഷ്യ ചങ്ങലയും സംഘടിപ്പിച്ചു.

## കോഴിക്കുഞ്ഞു വിതരണവും പഠനോപകരണ വിതരണവും






ക്ഷേമപ്രസ്ഥാനത്തിന് കീഴിലുള്ള യൂണിറ്റുകളിലൂടെ കോഴിക്കുഞ്ഞുങ്ങളുടെയും പഠനോപകരണങ്ങളുടെയും വിതരണം നടത്തി. കോട്ടവിള യൂണിറ്റിന് നേതൃത്വത്തിൽ കോഴിക്കുഞ്ഞ് വിതരണവും മഞ്ചവിളാകം യൂണിറ്റിന്റെ നേതൃത്വത്തിൽ പഠനോപകരണ വിതരണവും നടന്നു.

## വനിതാ സ്കൂട്ടർ റാലി






ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സജീവത്തിന്റെ ഭാഗമായി ലഹരിക്കെതിരെ ഒരു വനിതാ ബൈക്ക് റാലിയും ഫ്ളാഷ് മോബും 2025 മെയ് 5-ാം തീയതി സംഘടിപ്പിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ്. റവ. മോൺ. സെലിൻ ജോസ് കോണത്തുവിള, ബൈക്ക് റാലി ഫ്ളാഗ് ഓഫ് ചെയ്തു സംസാരിക്കുകയും ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ലഹരിക്കെതിരെ അവബോധം നൽകുകയും ചെയ്തു.

## ഇൻഫാം സംസ്ഥാന അസംബ്ലി

ഇൻഫാം പാറശ്ശാല കാർഷിക ജില്ലയെ പ്രതിനിധീകരിച്ചുകൊണ്ട് പാറശ്ശാല കാർഷിക ജില്ലാ സമിതി, ഇൻഫാം സംസ്ഥാന അസംബ്ലിയിൽ പങ്കെടുത്തു.

## കിസാൻ ജെയിംസ് അവാർഡ്

ഇൻഫാം ദേശീയ സമിതിയുടെ നേതൃത്വത്തിൽ നടന്ന കിസാൻ




ജെയിംസ് അവാർഡ് സ്വീകരിക്കുന്നതിനായി പാറശ്ശാല കാർഷിക ജില്ലയിൽ നിന്നും യോഗ്യത നേടിയ 11 കുട്ടികളുമായി, 2025 ജൂൺ 16 ന് കാഞ്ഞിരപ്പള്ളി, പൊടിമറ്റം ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സമ്മേളനത്തിൽ  ജില്ലയിൽ നിന്നും 40 പേർ പങ്കെടുത്തു.

## സ്നേഹോത്സവ് 2025




ക്ഷേമ ഇന്റഗ്രേഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സ്നേഹ സംഗമമായ സ്നേഹോത്സവ് 2025, മെയ് 13-ാം തീയതി ചാരോട്ടുകോണം പാരിഷ് ഹാളിൽ വച്ച്  നടത്തി. പാറശ്ശാല ഭദ്രാസനാധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ,  1200 ഓളം പേർ പങ്കെടുത്തു. 23 ക്യാൻസർ രോഗികൾക്കുള്ള സഹായധന വിതരണവും എസ്.എസ്.എൽ.സി. പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 14 വിദ്യാർത്ഥികളെ അനുമോദിക്കുകയും ക്യാഷ് പ്രൈസ് നൽകുകയും ചെയ്തു. 37 യൂണിറ്റ് സെക്രട്ടറിമാരെ മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു. തുടർന്ന് സംഘാംഗങ്ങളുടെ കലാപരിപാടികളും നടത്തപ്പെട്ടു.

## അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണം



ക്ഷേമ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ, അന്താരാഷ്ട്ര പരിസ്ഥിതി ദിനാചരണം 2025 ജൂൺ 8-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2.30 ന് അമ്പിളികോണം ദൈവാലയത്തിൽ വച്ച് സംഘടിപ്പിച്ചു. പാറശ്ശാല ഭദ്രാസന വികാരി ജനറാൾ റൈറ്റ്. റവ. മോൺ. സെലിൻ ജോസ് കോണത്തുവിള ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ക്ഷേമ ഡയറക്ടർ ഫാ. ജോൺ പുന്നാര മുഖ്യപ്രഭാഷണം നടത്തി. ഓരോ പരിസ്ഥിതി ദിനത്തിന്റെയും പ്രാധാന്യവും മണ്ണ് പരിപാലിക്കേണ്ട രീതിയെക്കുറിച്ചും ശ്രീ. ഷാജി കെ. വി. ക്ലാസ് നയിക്കുകയും ചെയ്തു. പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട ഒരു നൃത്തശിൽപം നടത്തുകയും വൃക്ഷത്തൈ വിതരണം ചെയ്യുകയും പ്ലസ് ടു പരീക്ഷയിൽ മുഴുവൻ എ പ്ലസ് നേടിയ ആറ് കുട്ടികളെ ക്യാഷ് പ്രൈസുകൾ നൽകി അനുമോദിക്കുകയും ചെയ്തു.



**കെ.സി.എസ്.എൽ., 2025 – 26 പ്രവർത്തന വർഷത്തിലെ രൂപതഭാരവാഹികൾ**
**അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം**




**എം.സി.എ. ഗ്ലോബൽ അസംബ്ലി**



**പാറശ്ശാല ഭദ്രാസനത്തിലെ ട്രസ്റ്റിമാരുടെയും സെക്രട്ടറിമാരുടെയും യോഗത്തിൽ പങ്കെടുത്തവർ**

Design & Layout : Syam, Nia Graphics, Chowara 9747 044 811



പാറശ്ശാല ഭദ്രാസനത്തിലെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ
അഭിവന്ദ്യ തോമസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായോടൊപ്പം.